ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 16.12.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ജോർദാൻ സന്ദർശനം പൂർത്തിയാക്കി എത്യോപ്യയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള സ്വീകരണം. നൊബേൽ ജേതാവും എത്യോപ്യൻ പ്രധാനമന്ത്രിയുമായ അബി അഹമ്മദ് അലിയുമായി ഉഭയക ക്ഷി ചർച്ച നടത്തും.

   Prime Minister Narendra Modi, who arrived in Ethiopia after completing his visit to Jordan, received a warm welcome. He will hold bilateral talks with Nobel laureate and Ethiopian Prime Minister Abiy Ahmed Ali.

2. പ്രധാനമന്ത്രിയുടെ ജോർദാൻ സ ന്ദർശനം രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക മേഖലകൾ ക്ക് ഏറെ ഗുണകരമായതായി വിദേശകാര്യമന്ത്രാലയം.

   Prime Minister's visit to Jordan was very beneficial in the political, economic and cultural sectors- The Ministry of External Affairs.

3. 2025 ലെ റദ്ദാക്കലും ഭേദഗതി ചെയ്യലും ബില്ല് ചർച്ച ചെയ്ത് ലോക്സഭ. വികസിത് ഭാരത് - റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) ബില്ലും ലോകസഭയിൽ. തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ച് രാജ്യസഭയിൽ ചർച്ച പൂർത്തിയായി.

   Lok Sabha discussed the Repeal and Amendment Bill, 2025. Vikasit Bharat - Rozgar and Aajik Mission (Gramin) Bill also in the Lok Sabha. Discussion on electoral reforms in the Rajya Sabha has been completed.

4. ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ 34 മാവോയിസ്റ്റുകൾ ആയുധംവച്ച് കീഴടങ്ങി.

34 Maoists surrendered in Bijapur district of Chhattisgar

5. സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടത്തുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ.

The Election Commission has said that the Chairman and Vice-Chairman elections to local bodies in the state will be held on 26th and 27th of this month.

6. അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ മലേഷ്യക്കെതിരെ ഇന്ത്യക്ക് 315 റൺസിന്റെ കൂറ്റൻ ജയം.

India registered a huge 315-run win over Malaysia in the Under- 19 Asia Cup cricket.

************************

## PM ETHIOPIA

ത്രിരാഷ്ട്ര പര്യടനത്തിൻറെ രണ്ടാം പാദത്തിൽ എത്യോപ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഊഷ്മള സ്വീകരണം. ആഡിസ് അബാബ വിമാനത്താവളത്തിൽ എത്യോപ്യയുടെ പരമ്പരാഗത കലാരൂപങ്ങൾ അവതരിപ്പിച്ചാണ് പ്രധാനമന്ത്രിയെ വരവേറ്റത്. രണ്ട് ദിവസത്തെ എത്യോപ്യൻ സന്ദർശനത്തിൽ നൊബേൽ സമ്മാന ജേതാവായ എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. എത്യോപ്യൻ പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെയും ശ്രീ നരേന്ദ്ര മോദി അഭിസംബോധന ചെയ്യും. സന്ദർശനത്തിന്റെ മൂന്നാം പാദത്തിൽ പ്രധാനമന്ത്രി ഒമാനിലെത്തും.

************************

## PM VISIT NEWSPAPER COVERAGE

പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ആവേശപൂർവം സ്വീകരിച്ച് എത്യോപ്യ. എത്യോപ്യൻ തലസ്ഥാനമായ അഡിസ് അബാബയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന എല്ലാ പത്രങ്ങളും

പ്രധാനമന്ത്രിയുടെ സന്ദർശനത്തെ വളരെ പ്രാധാന്യത്തോടെയാണ് റിപ്പോർട്ട് ചെയ്യുന്നത്. പ്രധാനമന്ത്രിയുടെ സന്ദർശന വേളയിൽ സൈബർ സുരക്ഷ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായി പ്രമുഖ പത്രങ്ങൾ റിപ്പോർട്ട് ചെയ്തു.

************************

## India-Jordan business INTRO

പ്രധാനമന്ത്രിയുടെ ജോർദാൻ സന്ദർശനം രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക മേഖലകൾക്ക് ഏറെ ഗുണകരമായതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു. ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടത്തിന് ജോർദാൻ പിന്തുണ അറിയിച്ചതായും മന്ത്രാലയ സെക്രട്ടറി നീന മൽഹോത്ര വാർത്താ സമ്മേളനത്തിൽ പറഞ്ഞു. അമ്മാനിൽ നടന്ന ഇന്ത്യ-ജോർദാൻ ബിസിനസ് ഫോറത്തെ പ്രധാനമന്ത്രിയും ജോർദാൻ രാജാവ് അബ്ദുള്ള രണ്ടാമനും അഭിസംബോധന ചെയ്തു. ജോർദാന്റെ മൂന്നാമത്തെ വലിയ വ്യാപാര പങ്കാളിയാണ് ഇന്ത്യയെന്നും അവസരങ്ങളുടെ പുതിയ വാതിലുകൾ ഇന്ത്യ തുറന്നിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(പി.എം. ബൈറ്റ്)

ഇന്ത്യയും ജോർദാനിലെ വ്യാപാര സ്ഥാപനങ്ങളും തമ്മിൽ നിരവധി ധാരണാപത്രങ്ങൾ ഒപ്പുവെക്കാനും ഫോറത്തിൽ തീരുമാനമായി. തുടർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി കിരീടാവകാശി ഹുസൈൻ ബിൻ അബ്ദുള്ളയ്ക്കൊപ്പം ജോർദാൻ മ്യൂസിയവും സന്ദർശിച്ചു.

************************

## Parliament proceedings (INTRO)

സബ്കാ ബീമാ സബ്കി രക്ഷാ ബില്ലിന് മേൽ ലോക്സഭയിൽ ചർച്ച പുരോഗമിക്കുന്നു. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനാണ് ബിൽ സഭയിൽ അവതരിപ്പിച്ചത്. നിയമങ്ങൾ റദ്ദാക്കുന്നതിനും മറ്റു ചില നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്ന 2025 ലെ റദ്ദാക്കലും ഭേദഗതി ചെയ്യലും ബില്ലിൻമേലുള്ള ചർച്ചയും ഇന്ന ലോക്സഭയിൽ നടന്നു. 71 നിയമങ്ങൾ പിൻവലിക്കുമെന്നും നാല് നിയമങ്ങൾ ഭേദഗതി ചെയ്യുമെന്നും നിയമ-നീതിന്യായ മന്ത്രി അർജുൻ റാം മേഘ്‌വാൾ പറഞ്ഞു. രാജ്യത്തെ പാവപ്പെട്ട ഗ്രാമീണ കുടുംബങ്ങൾക്ക് 125 ദിവസത്തെ തൊഴിൽ ഉറപ്പുനൽകുന്ന വികസിത് ഭാരത് - റോസ്ഗാർ ആൻഡ് അജീവിക മിഷൻ ബില്ലും ലോക്സഭയിൽ അവതരിപ്പിച്ചു. ചർച്ചകൾ പൂർത്തിയാക്കി രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.
വിശദാംശങ്ങളിലേക്ക്

*(വോയ്സ്)*

*മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമായാണ് വികസിത് ഭാരത് - റോസ്ഗാർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) ബിൽ. തൊഴിലുറപ്പ് പദ്ധതിക്കായി മോദി സർക്കാർ എട്ട് ലക്ഷത്തി 53 ആയിരം കോടി രൂപ ചെലവഴിച്ചുവെന്ന് ബിൽ അവതരിപ്പിച്ച കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. മഹാത്മാഗാന്ധിയുടെ ദർശനം സാക്ഷാത്കരിക്കുന്നതിനും ബാപ്പു വിഭാവനം ചെയ്ത രാമരാജ്യം സ്ഥാപിക്കുന്നതിനും സർക്കാർ പ്രവർത്തിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. (ബൈറ്റ് - ശിവരാജ് സിംഗ് ചൗഹാൻ) ബില്ലിന് എതിരായ പ്രതിപക്ഷ ബഹളം കാരണം, ഉച്ചയ്ക്ക് 2:00 മണി വരെ നിറുത്തിവെച്ച ശേഷമാണ് സഭാ നടപടികൾ പുനരാരംഭിച്ചത്. വിക്സിത് ഭാരത് ശിക്ഷാ അധിഷ്ഠാൻ ബിൽ, 2025 പാർലമെന്റിന്റെ സംയുക്ത കമ്മിറ്റിക്ക് വിടുന്ന പ്രമേയവും ലോക്സഭ ഇന്ന് പാസാക്കി. ലോക്സഭയിൽ നിന്ന് 21 അംഗങ്ങളും*

*രാജ്യസഭയിൽ നിന്ന് 10 അംഗങ്ങളും ഉൾപ്പെടുന്ന സമിതിയാണ് ബിൽ പരിശോധിക്കുക. ഇൻഷുറൻസ് നിയമങ്ങളുടെ ഭേദഗതി ബിൽ ധനമന്ത്രി നിർമ്മല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച രണ്ടാം ദിനവും രാജ്യസഭയിൽ നടന്നു. വോട്ടർ പട്ടിക ഇടയ്ക്കിടെ ശുദ്ധീകരിക്കുകയും തിരുത്തുകയും ചെയ്യേണ്ടത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ കടമയാണെന്ന് കേന്ദ്രമന്ത്രി ജെ.പി നഡ്ഡ പ്രതിപക്ഷത്തിന് മറുപടി നൽകി. (ബൈറ്റ് - നഡ്ഡ)*

*അർഹരായ ഒരു വോട്ടറെയും പട്ടികയിൽ നിന്ന് ഒഴിവാക്കരുതെന്നും യോഗ്യതയില്ലാത്ത ഒരു വോട്ടറെയും വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തരുതെന്നും ഭരണഘടന അനുശാസിക്കുന്നുണ്ടെന്ന് ശ്രീ നഡ്ഡ പറഞ്ഞു. ലോക്സഭയിലും രാജ്യസഭയിലും ചോദ്യോത്തര വേളയും സജീവമായിരുന്നു.*
*ന്യൂസ് ഡെസ്ക് ആകാശവാണി.*

*************************

## CHHATTISGARH-MAOISTS

ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ ഇന്ന് ഏഴ് സ്ത്രീകൾ ഉൾപ്പെടെ 34 മാവോയിസ്റ്റുകൾ ആയുധം വച്ച് കീഴടങ്ങി. കീഴടങ്ങിയ എല്ലാ മാവോയിസ്റ്റുകൾക്കും സംസ്ഥാന സർക്കാരിന്റെ പുനരധിവാസ നയ പ്രകാരം അമ്പതിനായിരം രൂപ വീതം ധനസഹായം നൽകുമെന്ന് പോലീസ് സൂപ്രണ്ട് ഡോ. ജിതേന്ദ്ര കുമാർ യാദവ് പറഞ്ഞു. . 2026 മാർച്ച് 31 ഓടെ രാജ്യത്ത് നിന്ന് നക്സലിസം തുടച്ച് നീക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

*************************

## RAJNATH-DEFENCE ESTATE

രാജ്യത്തുടനീളമുള്ള 17 ലക്ഷം ഏക്കറിലധികം വരുന്ന പ്രതിരോധസേനകളുടെ ഭൂമി കൈകാര്യം ചെയ്യുന്നതിൽ ഡിഫെൻസ് എസ്റ്റേറ്റ് വഹിക്കുന്ന നിർണായക പങ്കിനെ

പ്രശംസിച്ച് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന ഡിഫെൻസ് എസ്റ്റേറ്റ് ദിനാഘോഷത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാജ്യരക്ഷാ മന്ത്രി. ഒരു രാജ്യത്തിന്റെ ശക്തി അളക്കുന്നത് അതിന്റെ ആയുധങ്ങൾ കൊണ്ടല്ല, മറിച്ച് അതിന്റെ സത്യസന്ധത, സുതാര്യത, മൂല്യങ്ങൾ എന്നിവയിലൂടെയാണെന്ന് ശ്രീ സിംഗ് പറഞ്ഞു.

************************

## VIJAY DIWAS

1971 ലെ യുദ്ധത്തിൽ പാകിസ്ഥാനെതിരായ ഇന്ത്യയുടെ വിജയത്തിന്റെ ഓർമ്മയിൽ രാജ്യം ഇന്ന് വിജയ് ദിവസ് ആഘോഷിച്ചു. ഈ യുദ്ധത്തിന്റെ പരിസമാപ്തിയിലാണ് ഈസ്റ്റ് പാകിസ്ഥാൻ ബംഗ്ലാദേശായി മാറിയത്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ളവർ ധീര സൈനികർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

************************

## PARAM VIR DIRGHA-PRESIDENT

വിജയ് ദിവസിനോടനുബന്ധിച്ച് രാഷ്ട്രപതി ഭവനിലെ, പരം വീർ ദിർഘ രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്തു. പരം വീർ ചക്ര പുരസ്കാരം ലഭിച്ച 21 ധീരയോദ്ധാക്കളുടേയും ഛായാചിത്രങ്ങൾ പരം വീർ ദിർഘ എന്ന പേരിട്ട ഗാലറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

************************

## SEC

സംസ്ഥാനത്ത് തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള അധ്യക്ഷൻ, ഉപാധ്യക്ഷൻ തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിൽ നടത്തുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ.സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് വോട്ടെടുപ്പ് മാറ്റിവച്ച മൂന്ന് തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള പ്രത്യേക തിരഞ്ഞെടുപ്പ് അടുത്ത മാസം നടത്തുമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു.

*************************

## CEO

കേരളത്തിൽ SIR ന്റെ ഭാഗമായി വീടു തോറുമുള്ള വിവര ശേഖരണം വ്യാഴാഴ്ച അവസാനിക്കും. തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് വിതരണം ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ 99.84 ശതമാനം ഇതുവരെ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽകർ അറിയിച്ചു. പൂരിപ്പിച്ച ഫോമുകൾ എത്രയും വേഗം ബിഎൽഒ മാരെ തിരികെ ഏല്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

*************************

## SC-KERALA HC VERDICT

ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെയും പാക്കേജ് നിരക്കുകളുടെയും പട്ടിക പ്രാധാന്യത്തോടെ പ്രദർശിപ്പിക്കണമെന്ന കേരള ഹൈക്കോടതി വിധിയെ ചോദ്യം ചെയ്തുള്ള ഹർജി സുപ്രീം കോടതി ഇന്ന് അംഗീകരിച്ചു. കേരള പ്രൈവറ്റ് ഹോസ്പിറ്റൽസ് അസോസിയേഷനും ഹുസൈൻ കോയ തങ്ങളും സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജിയിലാണ് തീരുമാനം. ഹർജിയിൽ മറുപടി നൽകണമെന്ന് ആവശ്യപ്പെട്ട് കേരള സർക്കാരിനും മറ്റുള്ളവർക്കും ബെഞ്ച് നോട്ടീസ് അയയ്ക്കുകയും ഫെബ്രുവരി 3 ന് വാദം കേൾക്കാൻ മാറ്റുകയും ചെയ്തു.

*************************

## ASIA CUP

അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ മലേഷ്യക്കെതിരെ ഇന്ത്യക്ക് 315 റൺസിന്റെ കൂറ്റൻ ജയം. ഇന്ത്യ ഉയർത്തിയ 408 റൺ പിന്തുടർന്ന മലേഷ്യയുടെ ബാറ്റിംഗ് 32.1 ഓവറിൽ 93 റൺസിന് അവസാനിച്ചു. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത ഓവറിൽ 7 വിക്കറ്റ് നഷ്ടത്തിൽ 408 റൺസെടുത്തു.

*************************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം.

സെൻസെക്സ് 533 പോയിൻറ് കുറഞ്ഞ് 84,680 ലും

നിഫ്റ്റി 167 പോയിൻറ് താഴ്ന്ന് 25,860 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണ വില കുറഞ്ഞു. പവന് 1,120 രൂപ കുറഞ്ഞ് 98,160 രൂപയും ഗ്രാമിന് 12,270 രൂപയുമാണ് ഇന്നത്തെ വില.

************************

***********

******